# മധുരമായ കുട്ടികളേ – ദേഹീ അഭിമാനിയായി മാറൂ എങ്കിൽ ശീതളമായിതീരും, വികാരങ്ങളുടെ ദുർഗ്ഗന്ധം ഇല്ലാതാകും, അന്തർമുഖിയാകും, പുഷ്പമായി മാറുകയും ചെയ്യും

**ചോദ്യം:–** ബാപ്ദാദ എല്ലാ കുട്ടികൾക്കും നൽകുന്ന രണ്ട് വരദാനങ്ങൾ ഏതെല്ലാമാണ്? അവയെ സ്വരൂപത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള വിധി എന്താണ്?
**ഉത്തരം:–** ബാബ എല്ലാ കുട്ടികൾക്കും ശാന്തിയുടേയും സുഖത്തിന്റേയും വരദാനം നൽകുന്നു. ബാബ പറയുന്നു– കുട്ടികളേ, നിങ്ങൾ ശാന്തമായിരിക്കുന്നതിനുള്ള അഭ്യാസം ചെയ്യൂ. ആരെങ്കിലും തലതിരിഞ്ഞ കാര്യങ്ങൾ ചോദിക്കുകയാണെങ്കിൽ നിങ്ങൾ ഉത്തരം നൽകരുത്. നിങ്ങൾ ശാന്തമായിരിക്കണം. വ്യർത്ഥകാര്യങ്ങൾ സംസാരിക്കരുത്. ആർക്കും ദുഃഖം നൽകരുത്. വായിൽ ശാന്തിയാകുന്ന നാണയം ഇടൂ (മൗനമായിരിക്കൂ) എങ്കിൽ ഈ രണ്ട് വരദാനങ്ങളും സ്വരൂപത്തിലേയ്ക്ക് വരും.

**ഓംശാന്തി**. മധുര മധുരമായ കുട്ടികൾ ചിലപ്പോൾ സന്മുഖത്താണ്, ചിലപ്പോൾ ദൂരെയായിരിക്കും. ആരാണോ ഓർമ്മിക്കുന്നത് അവരാണ് സന്മുഖത്ത് ഇരിക്കുന്നത് എന്തുകൊണ്ടെന്നാൽ ഓർമ്മയുടെ യാത്രയിലാണ് എല്ലാം അടങ്ങിയിരിക്കുന്നത്. ദൃഷ്ടികൊണ്ട് സായൂജ്യമടഞ്ഞു എന്ന് പാടാറില്ലേ. ആത്മാവിന്റെ ദൃഷ്ടി പരമാത്മാവിനുനേർക്ക് പോകുന്നു മറ്റൊന്നും ആത്മാവിന് നല്ലതായി തോന്നില്ല. ഭഗവാനെ ഓർമ്മിക്കുന്നതിലൂടെ വികർമ്മം വിനാശമാകുന്നു. എങ്കിൽ തന്റെ മേൽ എത്ര ശ്രദ്ധ വെയ്ക്കണം. ഓർമ്മിക്കുന്നില്ലെങ്കിൽ മായയ്ക്ക് മനസ്സിലാകും – ഇവരുടെ യോഗം മുറിഞ്ഞിരിക്കുകയാണ് അതിനാൽ എന്നിലേക്ക് ആകർഷിക്കാം. എന്തെങ്കിലും തലതിരിഞ്ഞ കർമ്മങ്ങൾ ചെയ്യിക്കും. ഇങ്ങനെ ബാബയുടെ നിന്ദ ചെയ്യിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ പാടാറുണ്ട്– ബാബാ എനിക്ക് അങ്ങുമാത്രമേയുള്ളു രണ്ടാമത് ഒരാളില്ല. അതുകൊണ്ട് ബാബ പറയുന്നു– കുട്ടികളേ, ലക്ഷ്യം വളരെ ഉയർന്നതാണ്. ജോലികൾ ചെയ്തുകൊണ്ടും ബാബയെ ഓർമ്മിക്കുക– ഇതാണ് ഉയർന്നതിലും ഉയർന്ന ലക്ഷ്യം. ഇതിൽ വളരെ നല്ല അഭ്യാസം ആവശ്യമാണ്. ഇല്ലെങ്കിൽ തലതിരിഞ്ഞ കർമ്മം ചെയ്യുന്ന നിന്ദകനായി മാറും. ചിന്തിക്കൂ ആർക്കെങ്കിലും ദേഷ്യം വന്നു പരസ്പരം വഴക്കടിച്ചു, അതും നിന്ദയല്ലേ, അതിനാൽ ഇതിൽ വളരെ ശ്രദ്ധ വേണം. ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞു കൊണ്ടും ബുദ്ധി ബാബയിൽ മുഴുകണം. ആരും സമ്പൂർണ്ണമായി എന്നല്ല. നമുക്ക് ദേഹീ അഭിമാനിയായി മാറണം എന്ന രീതിയിൽ പരിശ്രമിക്കണം. ദേഹാഭിമാനത്തിൽ വരുന്നതിനാൽ എന്തെങ്കിലും തലതിരിഞ്ഞ കർമ്മങ്ങൾ ചെയ്യുന്നു ഇത് ബാബയുടെ നിന്ദ ചെയ്യിക്കലാണ്. ബാബ പറയുന്നു ഇങ്ങനെ സദ്ഗുരുവിന്റെ നിന്ദ ചെയ്യിക്കുന്നവർക്ക് ലക്ഷ്മീ നാരായണന്റെ പദവി പ്രാപ്തമാക്കാൻ സാധിക്കില്ല അതിനാൽ പൂർണ്ണമായി പുരുഷാർത്ഥം ചെയ്യൂ, ഇതിലൂടെ നിങ്ങൾ വളരെ ശീതളമായി മാറും. 5 വികാരങ്ങളുടെ മുഴുവൻ കാര്യങ്ങളും ഇല്ലാതാകും. ബാബയിൽ നിന്നും വളരെ അധികം ശക്തി ലഭിക്കും. ജോലികാര്യങ്ങളും ചെയ്യണം. ബാബ കർമ്മം ചെയ്യരുത് എന്നല്ല പറയുന്നത്. അവിടെ നിങ്ങളുടെ കർമ്മം അകർമ്മമായിരിക്കും. കലിയുഗത്തിൽ കർമ്മം വികർമ്മമായി മാറുന്നു. ഇപ്പോൾ സംഗമയുഗത്തിൽ നിങ്ങൾക്ക് പഠിക്കണം. അവിടെ പഠിക്കേണ്ട കാര്യമില്ല. ഇവിടെ നിന്നുള്ള പഠിപ്പാണ് അവിടെ കൂടെയുണ്ടാവുക. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു– ബഹിർമുഖത നല്ലതല്ല. അന്തർമുഖിയായി ഭവിക്കൂ. നിങ്ങൾ കുട്ടികൾ അന്തർമുഖിയായി മാറുന്ന സമയവും വരും. ബാബയെ അല്ലാതെ മറ്റൊന്നും ഓർമ്മ വരില്ല. നിങ്ങൾ വന്നതും അങ്ങനെയായിരുന്നു, ആരുടേയും ഓർമ്മയുണ്ടായിരുന്നില്ല. ഗർഭത്തിൽ നിന്നും പുറത്ത് വന്നപ്പോളാണ് മനസ്സിലായത് ഇത് നമ്മുടെ മാതാവും പിതാവുമാണ്, ഇത് ഇന്നയാളാണ്. അതുകൊണ്ട് ഇപ്പോൾ പോകേണ്ടതും അങ്ങനെയാണ്. നമ്മൾ ഒരേ ഒരു ബാബയുടേതാണ് ബാബയുടെ ഓർമ്മയല്ലാതെ മറ്റൊന്നും ബുദ്ധിയിൽ വരരുത്. തീർച്ചയായും സമയമുണ്ട് എന്നാൽ പുരുഷാർത്ഥം പൂർണ്ണമായി ചെയ്യണം. ശരീരത്തിനുമേൽ യാതൊരു ഉറപ്പുമില്ല. പരിശ്രമിച്ചുകൊണ്ടേയിരിക്കണം, വീട്ടിലും വളരെ അധികം ശാന്തിയുണ്ടാകണം, ക്ലേശമുണ്ടാകരുത്. ഇല്ലെങ്കിൽ പറയും ഇവരിൽ എത്ര അശാന്തിയാണ്. നിങ്ങൾ കുട്ടികൾക്ക് വളരെ ശാന്തമായിക്കഴിയണം. നിങ്ങൾ ശാന്തിയുടെ സമ്പത്ത് എടുക്കുകയല്ലേ. ഇപ്പോൾ നിങ്ങൾ ഇരിക്കുന്നത് മുള്ളുകളുടെ നടുവിലാണ്. പുഷ്പങ്ങളുടെ നടുവിലല്ല. മുള്ളുകളുടെ നടുവിലിരുന്ന് പുഷ്പമാകണം. മുള്ളിനേക്കാൾ വലിയ മുള്ളാകരുത്. നിങ്ങൾ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രയും ശാന്തമായി മാറും. ആരെങ്കിലും തലതിരിഞ്ഞ കാര്യങ്ങൾ സംസാരിച്ചാൽ നിങ്ങൾ ശാന്തമായിരിക്കൂ. ആത്മാവുതന്നെ ശാന്തിയാണ്. ആത്മാവിന്റെ സ്വധർമ്മം ശാന്തിയാണ്. നിങ്ങൾക്കറിയാം നമുക്ക് ഇപ്പോൾ വീട്ടിലേയ്ക്ക് പോകണം. ബാബ ശാന്തിയുടെ സാഗരമാണ്. പറയുന്നു നിങ്ങൾക്കും ശാന്തിയുടെ സാഗരമായി മാറണം. അനാവശ്യമായി പിറുപിറുത്തുകൊണ്ടിരുന്നാൽ അത് വളരെ അധികം

നഷ്ടമുണ്ടാക്കും. ബാബ നിർദേശം നൽകുകയാണ്– ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യരുത്, അതിലൂടെ നിങ്ങൾ ബാബയുടെ നിന്ദ ചെയ്യിക്കുകയാണ്. ശാന്തിയിൽ ഒരു നിന്ദയും വികർമ്മവും ഉണ്ടാകുന്നില്ല. ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നതിലൂടെ വികർമ്മം വിനാശമാവുകയും ചെയ്യും. സ്വയം അശാന്തമാകരുത്, മറ്റുള്ളവരേയും അശാന്തരാക്കരുത്. ആർക്കെങ്കിലും ദുഃഖം നൽകിയാൽ ആ ആത്മാക്കൾ പിണങ്ങും. വളരെ അധികം പേർ റിപ്പോർട്ട് എഴുതാറുണ്ട്– ബാബാ ഇന്നയാൾ വീട്ടിൽ വന്ന് ഒരുപാട് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ബാബ എഴുതുന്നു നിങ്ങൾ നിങ്ങളുടെ സ്വധർമ്മമായ ശാന്തിയിൽ ഇരിക്കൂ. ഹാത്മതായിയുടെ(അറബിക്കഥയിലെ ഒരു കഥാപാത്രം) ഒരു കഥയുമുണ്ടല്ലോ, പറഞ്ഞു നിങ്ങൾ വായിൽ നാണയമിടൂ എങ്കിൽ ശബ്ദം പുറത്തുവരില്ല. സംസാരിക്കാൻ കഴിയില്ല.

നിങ്ങൾ കുട്ടികൾ ശാന്തമായിരിക്കണം. മനുഷ്യരാണെങ്കിൽ ശാന്തിക്കുവേണ്ടി ഒരുപാട് അലയുന്നു. നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മുടെ മധുരമായ ബാബ ശാന്തിയുടെ സാഗരനാണ്. ശാന്തമാക്കി ശാന്തമാക്കി വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നു. തന്റെ ഭാവിയിലെ പദവിയേയും ഓർമ്മിക്കൂ. അവിടെ ഒരു ധർമ്മമേ ഉണ്ടാകൂ, രണ്ടാമത് ഒന്ന് ഉണ്ടാകില്ല. വിശ്വത്തിൽ ശാന്തിയെന്ന് അതിനെത്തന്നെയാണ് പറയുന്നത്. പിന്നീട് എപ്പോഴാണോ മറ്റു ധർമ്മങ്ങൾ വരുന്നത് അപ്പോഴാണ് ബഹളങ്ങൾ തുടങ്ങുന്നത്. ഇപ്പോൾ എത്ര ശാന്തിയുണ്ട്. നമ്മുടെ വീട് അതാണ് എന്ന് മനസ്സിലാക്കുന്നുണ്ട്. നമ്മുടെ സ്വധർമ്മം ശാന്തിയാണ്. ശരീരത്തിന്റെ സ്വധർമ്മമാണ് ശാന്തി എന്നു പറയാറില്ല. ശരീരം നശിക്കുന്ന വസ്തുവാണ്, ആത്മാവ് അവിനാശിയാണ്. എത്ര സമയം ആത്മാക്കൾ അവിടെ ഇരിക്കുന്നുവോ അത്രയും സമയം എത്ര ശാന്തമായാണ് ഇരിക്കുന്നത്. ഇവിടെയാണെങ്കിൽ മുഴുവൻ ലോകവും അശാന്തമാണ് അതിനാലാണ് ശാന്തി യാചിക്കുന്നത്. പക്ഷേ ആരെങ്കിലും സദാ ശാന്തിയിൽ ഇരിക്കണം എന്നു ചിന്തിക്കുകയാണെങ്കിൽ അത് സാധ്യമല്ല. അഥവാ 63 ജന്മവും അവിടെ ഇരുന്നാലും പിന്നെയും വരികതന്നെ വേണം. തന്റെ സുഖ–ദുഃഖത്തിന്റെ പാർട്ട് അഭിനയിച്ചിട്ട് വീണ്ടും തിരിച്ചുപോകും. ഡ്രാമയെ നല്ലരീതിയിൽ ബുദ്ധിയിൽ വയ്ക്കണം.

ബാബ നമുക്ക് സുഖത്തിന്റേയും ശാന്തിയുടേയും വരദാനം നൽകുകയാണ് എന്ന കാര്യം നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഉണ്ടാവണം. ബ്രഹ്മാവിന്റെ ആത്മാവും എല്ലാം കേൾക്കുന്നുണ്ട്. ഏറ്റവും അടുത്തുള്ള ഇദ്ദേഹത്തിന്റെ കാതുകളാണ് ആദ്യം കേൾക്കുന്നത്. ഇദ്ദേഹത്തിന്റെ മുഖത്തിന് സമീപത്ത് തന്നെയല്ലേ കാതുകൾ. നിങ്ങളുടേത് പിന്നെയും ദൂരെയാണ്. ബ്രഹ്മാവ് പെട്ടെന്ന് കേൾക്കും. എല്ലാ കാര്യവും മനസ്സിലാക്കാൻ സാധിക്കും. ബാബ പറയുന്നു മധുര മധുരമായ കുട്ടികളേ! മധുര മധുരമായവർ എന്ന് എല്ലാവരേയും വിളിക്കും കാരണം എല്ലാവരും കുട്ടികളാണ്. എത്ര ജീവാത്മാക്കളുണ്ടോ അവർ എല്ലാവരും ബാബയുടെ അവിനാശിയായ കുട്ടികളാണ്. ശരീരം വിനാശിയാണ്. ബാബ അവിനാശിയാണ്. കുട്ടികളായ ആത്മാക്കളും അവിനാശിയാണ്. ബാബ കുട്ടികളോട് സംസാരിക്കുകയാണ്– ഇതിനെയാണ് ആത്മീയ ജ്ഞാനം എന്ന് പറയുന്നത്. പരമാത്മാവ് ഇരുന്ന് ആത്മാക്കൾക്ക് മനസ്സിലാക്കിത്തരികയാണ്. ബാബയ്ക്ക് തീർച്ചയായും സ്നേഹമുണ്ട്. ഏതെല്ലാം ആത്മാക്കളുണ്ടോ എല്ലാവരും തമോപ്രധാനമാണ്. എപ്പോഴാണോ ഇവരെല്ലാവരും വീട്ടിലായിരുന്നത് അപ്പോൾ സതോപ്രധാനമായിരുന്നു എന്നറിയാം. കൽപ–കൽപം ഞാൻ വന്ന് എല്ലാവർക്കും ശാന്തിയുടെ വഴി പറഞ്ഞുകൊടുക്കുന്നു. വരം നൽകുന്ന കാര്യമല്ല. ധനവാനായി ഭവിയ്ക്കട്ടെ, ദീർഘായുസ്സുള്ളവരായി ഭവിയ്ക്കട്ടെ എന്ന് പറയുകയല്ല. സത്യയുഗത്തിൽ നിങ്ങൾ ഇങ്ങനെയുള്ളവരായിരുന്നു പക്ഷേ ആശീർവാദം നൽകിയിരുന്നില്ല. കൃപയോ ആശീർവാദമോ യാചിക്കേണ്ടതില്ല. ബാബ അച്ഛനുമാണ് ടീച്ചറുമാണ്, ഈ കാര്യം ഓർമ്മവെയ്ക്കണം. ആഹാ! ശിവബാബ അച്ഛനുമാണ്, ടീച്ചറുമാണ്, ജ്ഞാനസാഗരനുമാണ്. ബാബ തന്നെയാണ് ഇരുന്ന് തന്റേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും ജ്ഞാനം കേൾപ്പിക്കുന്നത്, ഇതിലൂടെയാണ് നിങ്ങൾ ചക്രവർത്തിയായ മഹാരാജാവായി മാറുന്നത്. ഇത് മുഴുവൻ പൂർണ്ണമായ ചക്രമല്ലേ. ബാബ മനസ്സിലാക്കിത്തരുന്നു ഈ സമയത്ത് മുഴുവൻ ലോകവും രാവണരാജ്യത്തിലാണ്. രാവണൻ കേവലം ലങ്കയിലല്ല ഉള്ളത്. ഇതാണ് പരിധിയില്ലാത്ത ലങ്ക. നാലുഭാഗത്തും വെള്ളമാണ്. മുഴുവൻ ലങ്കയും രാവണന്റേതായിരുന്നു, ഇപ്പോൾ വീണ്ടും രാമന്റേതായി മാറുകയാണ്. ലങ്ക സ്വർണ്ണത്തിന്റേതായിരുന്നു. അവിടെ ഒരുപാട് സ്വർണ്ണമുണ്ടാകും. ഒരു ഉദാഹരണവും പറയുന്നുണ്ട് അതായത് ധ്യാനത്തിലേയ്ക്ക് പോയി അപ്പോൾ ഇവിടെ സ്വർണ്ണത്തിന്റെ ഇഷ്ടിക കണ്ടു. എങ്ങനെയാണോ ഇവിടെ മണ്ണുകൊണ്ടുള്ളത് അതുപോലെ അവിടെ എല്ലാം സ്വർണ്ണംകൊണ്ടുള്ളതായിരിക്കും. അപ്പോൾ സ്വർണ്ണം എടുത്തുകൊണ്ടുപോകാം എന്ന് ചിന്തിച്ചു. എങ്ങനെ എങ്ങനെയെല്ലാമാണ് നാടകങ്ങൾ നിർമ്മിക്കുന്നത്. ഭാരതം വളരെ പ്രശസ്തമാണ്, മറ്റൊരു ഖണ്ഡത്തിലും ഇത്രയും വജ്രങ്ങളും വൈഡൂര്യങ്ങളും ഉണ്ടാവില്ല. ബാബ പറയുന്നു ഞാൻ എല്ലാവരേയും വഴികാട്ടിയായി തിരികെ കൊണ്ടുപോകും. വരൂ കുട്ടികളേ, ഇപ്പോൾ വീട്ടിലേയ്ക്ക് പോകണം. ആത്മാക്കൾ പതിതമാണ്, പാവനമായി മാറാതെ വീട്ടിലേയ്ക്ക് തിരിച്ചുപോകാൻ സാധിക്കില്ല. പതിതരെ പാവനമാക്കി മാറ്റുന്നത് ബാബ

മാത്രമാണ് അതിനാൽ എല്ലാവരും ഇവിടെത്തന്നെയുണ്ട്. ആർക്കും തിരിച്ചുപോകാൻ സാധിക്കില്ല. നിയമമില്ല. ബാബ പറയുന്നു– കുട്ടികളേ, മായ നിങ്ങളെ ഇതിലും ശക്തിയായി ദേഹാഭിമാനത്തിലേയ്ക്ക് കൊണ്ടുവരും. ബാബയെ ഓർമ്മിക്കാൻ അനുവദിക്കില്ല. നിങ്ങൾ വളരെ ശ്രദ്ധയോടെയിരിക്കണം. ഇതിലാണ് യുദ്ധം. കണ്ണുകൾ വളരെ അധികം ചതിക്കുന്നതാണ്. ഈ കണ്ണുകളെ തന്റെ നിയന്ത്രണത്തിൽ വെയ്ക്കണം. സഹോദരീ സഹോദരൻ എന്ന് പറഞ്ഞിട്ടും ദൃഷ്ടി ശരിയല്ലെന്ന് കണ്ടു അതിനാൽ ഇപ്പോൾ മനസ്സിലാക്കിത്തരുകയാണ് സഹോദര–സഹോദരനെന്ന് മനസ്സിലാക്കു. ഞങ്ങൾ സഹോദരങ്ങളാണ് എന്ന് എല്ലാവരും പറയാറുണ്ട്. പക്ഷേ ഒന്നും മനസ്സിലാക്കുന്നില്ല. തവള എങ്ങനെയാണോ ട്രോ–ട്രോ എന്ന് കരയുന്നത് അതുപോലെ, അർത്ഥം ഒന്നും മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ ഓരോ കാര്യത്തിന്റേയും യഥാർത്ഥ അർത്ഥം മനസ്സിലാക്കിയിരിക്കുന്നു.

ബാബ ഇരുന്ന് മധുര–മധുരമായ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ് നിങ്ങൾ ഭക്തിമാർഗ്ഗത്തിലും പ്രിയതമകളായിരുന്നു, പ്രിയതമനെ ഓർമ്മിക്കുമായിരുന്നു. ദുഃഖത്തിൽ ഉടനെ തന്നെ ഈശ്വരനെ ഓർമ്മിക്കും– അയ്യോ രാമാ! അല്ലയോ ഭഗവാനേ ദയ കാണിക്കൂ! സ്വർഗ്ഗത്തിൽ ഒരിയ്ക്കലും ഇങ്ങനെ പറയില്ല. അവിടെ രാവണരാജ്യമേ ഉണ്ടാകില്ല. നിങ്ങളെ രാമരാജ്യത്തിലേക്ക് കൊണ്ടുപോവുകയാണ് അതിനാൽ ബാബയുടെ നിർദ്ദേശമനുസരിച്ച് നടക്കണം. ഇപ്പോൾ നിങ്ങൾക്ക് ലഭിക്കുന്നത് ഈശ്വരീയ മതമാണ് പിന്നീട് നിങ്ങൾക്ക് ദൈവീക മതം ലഭിക്കും. ഈ മംഗളകാരിയായ സംഗമയുഗത്തെ ആരും അറിയുന്നില്ല കാരണം എല്ലാവരോടും പറഞ്ഞിരിക്കുന്നത് കലിയുഗം ഇപ്പോഴും ചെറിയ കുട്ടിയാണ്, ഇനിയും ലക്ഷക്കണക്കിന് വർഷങ്ങൾ ബാക്കിയുണ്ട് എന്നാണ്. ബാബ പറയുന്നു ഇതാണ് ഭക്തിയുടെ ഘോരാന്ധകാരം. ജ്ഞാനമാണ് വെളിച്ചം. ഡ്രാമയിൽ ഭക്തിയും അടങ്ങിയിരിക്കുന്നു, ഇത് വീണ്ടും ഉണ്ടാകും. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഭഗവാനെ ലഭിച്ചിരിക്കുന്നു ഇനി അലയേണ്ട ആവശ്യമില്ല. നിങ്ങൾ പറയുന്നു ഞങ്ങൾ ബാബയുടെ അടുത്തേയ്ക്കാണ് പോകുന്നത് അഥവാ ബാപ്ദാദയുടെ അടുത്തേയ്ക്കാണ് പോകുന്നത്. ഈ കാര്യങ്ങളെ മനസ്സിലാക്കാൻ മനുഷ്യർക്ക് സാധിക്കില്ല. നിങ്ങളിലും ആർക്കാണോ പൂർണ്ണമായ നിശ്ചയം ഇല്ലാത്തത് അവരെ മായ പൂർണ്ണമായും വിഴുങ്ങുന്നു. ആനയെ മുതല പിടിച്ചതുപോലെ പിടികൂടുന്നു. ആശ്ചര്യത്തോടെ കേട്ടു... പഴയവർ പോയി, അതിനും പാട്ടുണ്ട്, നല്ല–നല്ല മഹാരഥികളെപ്പോലും മായ തോൽപ്പിക്കുന്നു. ബാബയ്ക്ക് എഴുതുന്നു– ബാബാ, അങ്ങ് അങ്ങയുടെ മായയെ അയയ്ക്കരുത്. അതിന് ഇത് എന്റേതാണോ. രാവണനാണ് തന്റെ രാജ്യം ഭരിക്കുന്നത്, നമ്മൾ നമ്മുടെ രാജ്യം സ്ഥാപിക്കുകയാണ്. ഇത് പരമ്പരകളായി നടന്നുവരുന്നതാണ്. രാവണനാണ് നിങ്ങളുടെ ഏറ്റവും വലിയ ശത്രു. രാവണൻ ശത്രുവാണ് എന്നത് അറിയാം, അതിനാലാണ് രാവണനെ വർഷാ വർഷം കത്തിക്കുന്നത്. മൈസൂരിൽ ദസറ വളരെ ഗംഭീരമായി ആഘോഷിക്കുന്നു, പക്ഷേ ഒന്നും മനസ്സിലാക്കുന്നില്ല. നിങ്ങളുടെ പേര് ശിവ ശക്തി സേന എന്നാണ്. പിന്നീട് അവർ പേര് മാറ്റി കേവലം സേനാ എന്നു മാത്രം വച്ചു. നിങ്ങൾക്ക് അറിയാം മുമ്പ് നമ്മൾ കുരങ്ങിനെപ്പോലെയായിരുന്നു, രാവണനിൽ നിന്നും വിജയം നേടുന്നതിനായി ഇപ്പോൾ ശിവബാബയിൽ നിന്നും ശക്തി എടുത്തുകൊണ്ടിരിക്കുകയാണ്. ബാബ തന്നെയാണ് വന്ന് രാജയോഗം പഠിപ്പിക്കുന്നത്. ഇതിനെക്കുറിച്ച് അനേകം കഥകളും ഉണ്ടാക്കിയിട്ടുണ്ട്. അമരകഥ എന്നും പറയുന്നുണ്ട്. നിങ്ങൾക്ക് അറിയാം ബാബ നമ്മെ അമരകഥ കേൾപ്പിക്കുകയാണ്. അല്ലാതെ പർവ്വതത്തിനുമുകളിൽ ഇരുന്നല്ല കേൾപ്പിക്കുന്നത്. ശങ്കരൻ പാർവ്വതിയെ അമരകഥ കേൾപ്പിച്ചതായി പറയുന്നു. ശിവശങ്കരന്റെ ചിത്രവും വെച്ചിട്ടുണ്ട്. രണ്ടുപേരെയും ഒന്നാക്കി. ഇതെല്ലാമാണ് ഭക്തിമാർഗ്ഗം. ദിനം പ്രതിദിനം എല്ലാവരും തമോപ്രധാനമായി മാറുന്നു. സതോപ്രധാനത്തിൽ നിന്നും സതോ ആയി മാറുമ്പോൾ രണ്ട് കലകൾ കുറയുന്നു. വാസ്തവത്തിൽ ത്രേതായുഗത്തേയും സ്വർഗ്ഗം എന്ന് പറയാൻ കഴിയില്ല. ബാബ വരുന്നത് നിങ്ങൾ കുട്ടികളെ സ്വർഗ്ഗവാസിയാക്കി മാറ്റാനാണ്. ബാബയ്ക്ക് അറിയാം ബ്രാഹ്മണ കുലവും സൂര്യവംശീ– ചന്ദ്രവംശീ കുലവും ഇപ്പോൾ സ്ഥാപിക്കപ്പെടുകയാണ്. രാമചന്ദ്രന് ക്ഷത്രിയന്റെ അടയാളങ്ങൾ നൽകിയിരിക്കുന്നു. നിങ്ങൾ എല്ലാവരും ക്ഷത്രിയരല്ലേ, നിങ്ങൾ മായയ്ക്കുമേൽ വിജയം നേടുകയാണ്. കുറഞ്ഞ മാർക്കോടെ പാസാകുന്നവരെയാണ് ചന്ദ്രവംശീ എന്നു പറയുന്നത്, അതിനാലാണ് രാമന് ബാണം മുതലായവ നൽകിയിരിക്കുന്നത്. ത്രേതായുഗത്തിലും ഹിംസയുണ്ടാകില്ല. മഹിമയുമുണ്ട് രാമ രാജാവ്, രാമ പ്രജ... പക്ഷേ ഈ ക്ഷത്രിയന്റെ അടയാളങ്ങൾ നൽകിയതുകണ്ട് ആളുകൾ ആശയക്കുഴപ്പത്തിലാകുന്നു. ഈ ആയുധങ്ങളൊന്നും ഉണ്ടാവില്ല. ശക്തികളുടെ കൈയ്യിലും വാളുകൾ കാണിക്കുന്നു. ഒന്നും മനസ്സിലാക്കുന്നില്ല. ബാബ ജ്ഞാനസാഗരനാണ് എന്നത് നിങ്ങൾ കുട്ടികൾ ഇപ്പോൾ മനസ്സിലാക്കി അതിനാൽ ബാബ തന്നെയാണ് ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കിത്തരുന്നത്. പരിധിയില്ലാത്ത ബാബയ്ക്ക് കുട്ടികളോട് എത്ര സ്നേഹമുണ്ടോ അത്രയും സ്നേഹം പരിധിയുള്ള അച്ഛന് കുട്ടികളോട് ഉണ്ടാവുക സാധ്യമല്ല. 21 ജന്മങ്ങളിലേയ്ക്ക് കുട്ടികളെ സുഖദായിയാക്കി മാറ്റുന്നു. അപ്പോൾ സ്നേഹിയായ അച്ഛനല്ലേ! ബാബ എത്ര സ്നേഹിയാണ്, ബാബ നിങ്ങളുടെ മുഴുവൻ ദുഃഖത്തേയും ദൂരെയാക്കുന്നു. സുഖ

ത്തിന്റെ സമ്പത്ത് ലഭിക്കുന്നു. അവിടെ ദുഃഖത്തിന്റെ പേരോ അടയാളമോ പോലും ഉണ്ടായിരിക്കില്ല. ഇതിപ്പോൾ ബുദ്ധിയിൽ ഉണ്ടായിരിക്കേണ്ടേ. ഇത് ഒരിയ്ക്കലും മറക്കരുത്. എത്ര സഹജമാണ്, കേവലം മുരളി പഠിച്ച് കേൾപ്പിക്കണം, എന്നിട്ടും ബ്രാഹ്മണി വേണം എന്നു പറയുന്നു. ബ്രാഹ്മണിയില്ലാതെ ധാരണ യുണ്ടാകുന്നില്ല. സത്യനാരായണന്റെ കഥ ചെറിയ കുട്ടികൾ പോലും ഓർമ്മിച്ചുവെച്ച് കേൾപ്പിക്കുന്നു. ഞാൻ നിങ്ങൾക്ക് ദിവസവും മനസ്സിലാക്കിത്തരുന്നു കേവലം അല്ലാഹുവിനെ മാത്രം ഓർമ്മിക്കു. ഈ ജ്ഞാനം കേവലം 7 ദിവസങ്ങൾക്കുള്ളിൽ ബുദ്ധിയിൽ ഇരിക്കണം. പക്ഷേ കുട്ടികൾ മറന്നുപോകുന്നു, ബാബ ഇതുകണ്ട് അത്ഭുതപ്പെടുന്നു. ശരി!

വളരെക്കാലത്തെ വേർപാടുനുശേഷം തിരികെ കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടി കൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ബാബയിൽ നിന്നും ആശീർവാദമോ കൃപയോ യാചിക്കരുത്. അച്ഛനേയും ടീച്ചറേയും സദ്ഗുരുവി നേയും ഓർമ്മിച്ച് സ്വയം തന്റെമേൽ കൃപ കാണിക്കണം. മായയെ വളരെ ശ്രദ്ധിക്കണം, കണ്ണുകൾ ചതി ക്കും, കണ്ണുകളെ തന്റെ നിയന്ത്രണത്തിലേയ്ക്ക് കൊണ്ടുവരണം.

2. അനാവശ്യമായ വ്യർത്ഥ കാര്യങ്ങൾ സംസാരിക്കുന്നത് വളരെ വലിയ നഷ്ടമുണ്ടാക്കും അതിനാൽ എത്ര സാധിക്കുമോ അത്രത്തോളം ശാന്തമായിരിക്കണം, വായിൽ നാണയം ഇടണം (മൗനമായിരിക്ക ണം). ഒരിയ്ക്കലും തലതിരിഞ്ഞ കാര്യങ്ങൾ സംസാരിക്കരുത്. ഒരിയ്ക്കലും സ്വയം അശാന്തരാകരുത്, ആരെയും അശാന്തമാക്കുകയും അരുത്.

### വരദാനം:- ബാബയുടെ സഹായത്തിലൂടെ തൂക്കുമരത്തെ മുള്ളാക്കി മാറ്റുന്ന സദാ നിശ്ചിന്തരും സൂക്ഷിപ്പുകാരുമായി ഭവിക്കട്ടെ.

പഴയ കണക്കുകൾ തൂക്കുമരമാണ് പക്ഷെ ബാബയുടെ സഹായത്താൽ അത് മുള്ളായി മാറുന്നു. പരിതസ്ഥിതികൾ തീർച്ചയായും വരിക തന്നെ ചെയ്യും എന്തുകൊണ്ടെന്നാൽ അത് ഇവിടെത്തന്നെ തീർപ്പാക്കേണ്ടതുണ്ട്, പക്ഷെ ബാബയുടെ സഹായം അവയെ മുള്ളിന് സമാനമാക്കി മാറ്റുന്നു, വലിയ പ്രശ്നത്തെ ചെറുതാക്കി മാറ്റുന്നു എന്തുകൊണ്ടെന്നാൽ വലിയ അച്ഛൻ കൂടെയുണ്ട്. ഈ നിശ്ചയത്തിന്റെ ആധാരത്തിൽ സദാ നിശ്ചിന്തരായിരിക്കൂ ഒപ്പം ട്രസ്റ്റിയായി എന്റെ എന്നതിനെ നിന്റേത് എന്ന് പരിവർത്തനപ്പെടുത്തി ഭാരരഹിതരായിരിക്കൂ എങ്കിൽ എല്ലാ ഭാരവും ഒരു സെക്കന്റിനുള്ളിൽ സമാപ്തമാകും.

### സ്ലോഗൻ:- ശുഭഭാവനയുടെ സ്റ്റോക്കിലൂടെ നെഗറ്റിവിനെ പോസിറ്റിവിലേക്ക് പരിവർത്തനം ചെയ്യൂ.